2005 ആഗസ്റ്റ് 23

**വിദേശകറൻസിയിൽതന്നെ പണമടയ്ക്കണം എന്ന് നിർബന്ധിക്കില്ല.**

ഹോട്ടലുകൾ മുതലായ ചില സേവനദാതാക്കൾ വിദേശികളോട് വിവിധനിരക്കുകളിൽ യു എസ് ഡോളർ ആവശ്യപ്പെടുന്നതായും അത് വിദേശകറൻസിയിൽതന്നെ അടയ്ക്കണമെന്ന് നിർബന്ധിക്കുന്നതായും റിസർവ് ബാങ്കിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ പ്രവൃത്തി 1999 ലെ ഫോറിൻ എക്സ്ചേഞ്ച് മാനേജ്മെന്റ് ആക്റ്റിന് (ഫെമ) നിരക്കുന്നതല്ല, കൂടാതെ ഭാരതത്തിലെ ആഭ്യന്തര കറൻസിയുടെ നിയമ സാധുതയെ തുരങ്കം വയ്ക്കുന്നതാണ് താനും.

1 വിദേശവിനിമയ ക്രമീകരണച്ചട്ടം (ഫെറ) 1973 പ്രകാരം ഭാരതസർക്കാർ 1981 ആഗസ്റ്റ് 20 തീയതി ഇറക്കിയ ഒരു വിജ്ഞാപനം വഴി, ഭാരതം സന്ദർശിക്കുന്ന വിദേശവിനോദസഞ്ചാരികൾ വിദേശകറൻസിയിൽ പണമടവുകൾ നടത്തണമെന്ന് നിർബന്ധിച്ചിരുന്നു. പക്ഷെ 1973- ലെ ഫെറ റദ്ദാക്കപ്പെട്ടിരിക്കുന്നു. ഇപ്പോഴത്തെ വിദേശവിനിമയ ക്രമീകരണങ്ങൾ 1999 ലെ ഫെമ അനുസരിച്ചാണ്. 2000 ജൂൺ 1 നാണ് ഇത് പ്രാബല്യത്തിൽ വന്നത്.

ഫെമ പ്രകാരം ഇറക്കിയ 2000 മെയ് 3-ലെ റിസർവ് ബാങ്ക് നോട്ടിഫക്കേഷനനുസിച്ച് ഭാരതീയർക്ക് വിദേശ വിനോദ സഞ്ചാരിയിൽ നിന്ന്, അവരുടെ ഭാരത സന്ദർശന വേളയിൽ വിദേശനാണ്യം സ്വീകരിക്കാൻ അധികാരമുണ്ട് എന്ന് വ്യക്തമാക്കുന്നു. ഇടപാടുകൾ സുഗമമാക്കാനായി ഒരു വിദേശിക്ക് തനിക്ക് ലഭിക്കുന്ന സേവനങ്ങൾക്ക് പകരമായി രൂപയായോ വിദേശ കറൻസിയായോ പണം നൽകാവുന്ന ഒരു സാഹചര്യം ഈ വിജ്ഞാപനം സൃഷ്ടിച്ചു. ഇത് വിദേശനാണ്യമായിത്തന്നെ പണമടയ്ക്കണമെന്ന് ശഠിക്കാനുള്ള ഭാരതീയരുടെ അവകാശമല്ല.

പ്രവാസികൾ ഇത്തരം സാഹചര്യങ്ങളിൽ വിദേശ നാണ്യമായിത്തന്നെ പണമടയ്ക്കണം എന്ന് നിർബന്ധിക്കുന്ന യാതൊരു നിർദ്ദേശവും നിലവിലില്ല. അതുകൊണ്ട് ഭാരതത്തിൽ ലഭ്യമാകുന്ന സേവനങ്ങൾക്ക് വിദേശനാണ്യമായി പണമടയ്ക്കണം എന്ന് നിർബന്ധിക്കുന്നത് ഇന്നുള്ള വിദേശവിനിമയ ക്രമീകരണങ്ങൾക്ക് നിരക്കുന്നതല്ല.

അജിത് പ്രസാദ്
മാനേജർ

പത്രക്കുറിപ്പ്: 2005-2006/238